## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*78. 30.11.2018 ൽ മറുപടിയ്ക്ക്

### മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്ന ഫേസ്ബുക്ക് കൂട്ടായ്മക്കെതിരെ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മമ്മൂട്ടി | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലൂടെ മദ്യ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികളെ ദുരുപയോഗം ചെയ്യുന്ന ഈ ഫേസ്ബുക്ക് കൂട്ടായ്മക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലൂടെ മദ്യപാനം പ്രോത്സാഹിപ്പിച്ച കുറ്റത്തിനും കൂപ്പൺ മുഖാന്തിരം പണപ്പിരിവ് നടത്തി ഡി.ജെ. പാർട്ടി സംഘടിപ്പിച്ച് മദ്യവില്പന നടത്തിയ കുറ്റത്തിനും ഗ്രൂപ്പിന്റെ അഡ്മിനായ അജിത്കുമാറിനും മറ്റ് മോഡറേറ്റർമാർക്കു മെതിരെ അബ്കാരി ആക്ടിലെ 55 H, 55 (i) വകുപ്പ് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അജിത് കുമാറിനെ അറസ്റ്റ് ചെയ്യുകയും ബഹു. കോടതി ടിയാന് ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ ഫേസ്ബുക്ക് കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്നവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ